**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5242** **04-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ ആധുനികവല്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ പൊതു ജനങ്ങൾക്ക് അതിവേഗം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ആധുനികവല്ക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ പൊതു ജനങ്ങൾക്ക് അതിവേഗം ലഭ്യമാക്കുന്നതിനായി ചുവടെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു.<br><br>1. ആധാര രജിസ്ട്രേഷനായി തീയതിയും സമയവും മുൻകൂർ നിശ്ചയിച്ചു കൊണ്ട് ടോക്കൺ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം.<br>2. ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള എനിവെയർ രജിസ്ട്രേഷൻ സൗകര്യം.<br>3. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.<br>4. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിലവിൽ 8 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസറഗോഡ്) ഓൺലൈനായി നൽകി വരുന്നു. മറ്റുള്ള ജില്ലകളിൽ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു.<br>5. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം.<br>6. ഗഹാനകൾക്ക് പൂർണ്ണമായും ഓൺലൈൻ ഫയലിംഗ് സൗകര്യം.<br>7. ഒരു ലക്ഷത്തിന് മുകളിൽ മുദ്ര വില വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>8. എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് / ഇ-പോസ് സൗകര്യം.<br>9. KSFE-യുമായി സഹകരിച്ചുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.<br>10. പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, സൊസൈറ്റി നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്കായി പ്രത്യേക ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം<br>11. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ പോക്ക് വരവ് നടപടികൾക്കായി അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കുന്നു. |

12. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.
13. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾക്ക് ഡിജിറ്റൽ രൂപം.
14. ആധാര കക്ഷികൾക്ക് സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള സംവിധാനം

(ബി) ഈ ആധുനികവല്ക്കരണ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിലയിരുത്തിയിട്ടുണ്ട്.

ബാധ്യത സർട്ടിഫിക്കറ്റുകൾക്കും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസറഗോഡ് എന്നീ ജില്ലകളിൽ സാക്ഷ്യപ്പെടുത്തിയ ആധാരപ്പകർപ്പുകൾക്കും നിലവിൽ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിക്കേണ്ടതില്ല. ഈ സേവനങ്ങൾ ഓൺലൈൻ മുഖാന്തിരം പൊതു ജനങ്ങൾക്ക് ലഭിക്കുന്നു.

2023-24 സാമ്പത്തിക വർഷം ഓൺലൈനായി നല്കിയ പ്രധാന സേവനങ്ങളുടെ വിവരങ്ങൾ ചുവടെ വിവരിക്കുന്നു.

| | |
|---|---|
| ബാധ്യത സർട്ടിഫിക്കറ്റുകൾ | 27.58 ലക്ഷം |
| ആധാരപ്പകർപ്പുകൾ | 7.08 ലക്ഷം |
| ഇ-സ്റ്റാമ്പുകൾ നല്കിയത് | 98,378 എണ്ണം |
| പ്രവാസി ചിട്ടി | 306 |
| ഗഹാൻ | 1.59 ലക്ഷം |
| എനിവെയർ രജിസ്ട്രേഷൻ | 2021 മുതൽ നാളിതു വരെ 17900 ആധാരങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്തിയിരുന്നു. |
| സ്വന്തമായി ആധാരം തയ്യാറാക്കിയുള്ള രജിസ്ട്രേഷൻ | 6463 |

(സി) ആധാരം ഹാജരാക്കുന്ന ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ആധാരം തിരികെ നൽകാൻ കഴിയുന്നുണ്ടോ;

(സി) ആധാരം ഹാജരാക്കുന്ന ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ആധാരം തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ഇതിനായി റവന്യൂ - സർവ്വെ വകുപ്പുകളുമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

(ഡി) മേൽ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

(ഡി) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കാൻ താഴെ പറയുന്ന പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

- ആധാര മാതൃകകൾക്ക് ഏകീകൃത രൂപം
- വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ ആധാരങ്ങളിൽ പ്രിന്റ് ചെയ്തു ചേർക്കുന്നതിനുള്ള സംവിധാനം.
- കെട്ടിടങ്ങളുടെ വില നിർണ്ണയത്തിനായി പ്രത്യേക ഡിജിറ്റൽ സംവിധാനം

| | | | |
|---|---|---|---|
| | | | • ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.<br>• രജിസ്ട്രേഷനായി ആധാരം ഹാജരാക്കിയ ദിവസം തന്നെ നടപടികൾ പൂർത്തിയാക്കി മടക്കി നൽകുന്നതിനുള്ള നടപടിക്രമം.<br>• രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന PEARL (Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തെ റവന്യു - സർവ്വെ വകുപ്പുകളുമായി സംയോജിപ്പിച്ചു കൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ (എന്റെ ഭൂമി പോർട്ടൽ) എന്ന ആശയം നടപ്പിലാക്കുവാനും പദ്ധതിയിടുന്നു<br>• സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടു കൂടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ച് ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള സംവിധാനം<br>• സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് പദ്ധതി<br>• ആധാരത്തിന്റെ സ്വഭാവം അനുസരിച്ചുള്ള ടെംപ്ലേറ്റ് (മാതൃക) സൗകര്യം ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം. |

സെക്ഷൻ ഓഫീസർ